**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 661** **26-07-2021 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ ബൈപ്പാസ് റോഡുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം ബൈപ്പാസ് റോഡുകളുടെ നിർമ്മാണത്തിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | നെന്മാറ നിയോജക മണ്ഡലത്തിലെ നെന്മാറ ബൈപ്പാസ്, കൊട്ടുവായൂർ ബൈപ്പാസ് എന്നിവയ്ക്ക് 27.09.2016-ലെ സ.ഉ(സാധാ)നം.1324/2016/ പൊ.മ.വ പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 14.07.2009-ലെ സ.ഉ(സാധാ)നം.1045/2009/ പൊ.മ.വ പ്രകാരം നെന്മാറ മണ്ഡലത്തിലെ കൊല്ലങ്കോട് ബൈപ്പാസിന് 13 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. |
| (ബി) | പ്രസ്തുത ബൈപ്പാസ് റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | 1. നെന്മാറ ബൈപ്പാസ് നെന്മാറ ബൈപ്പാസ് നിർമ്മാണത്തിനായി ആർ.ബി.ഡി.സി.കെ വിശദമായ പദ്ധതിരേഖ തയ്യാറാക്കി 26.02.2018-ൽ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും, നെന്മാറ വഴി കടന്നു പോകുന്ന ഇൻപ്രിൻസിപ്പൽ ദേശീയപാതയായി പ്രഖ്യാപിച്ചിട്ടുള്ള വടക്കാഞ്ചേരി - പൊള്ളാച്ചി റോഡിന്റെ ഡി.പി.ആർ നടപടികൾ എൻ.എച്ച്.എ.ഐ നടത്തിവരുന്നതു കൊണ്ട് നെന്മാറ ബൈപ്പാസ് പദ്ധതി കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന് കിഫ്ബിയിൽ നിന്നും അറിയിച്ചതിനാൽ ആർ.ബി.ഡി.സി.കെ-യ്ക്ക് നെന്മാറ ബൈപ്പാസ് പദ്ധതിയുമായി മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 24.03.2017-ലെ കത്ത് പ്രകാരം വടക്കാഞ്ചേരി - പൊള്ളാച്ചി റോഡിന്റെ കേരളത്തിൽ വരുന്ന 40 കി.മീ ഭാഗം ഇൻപ്രിൻസിപ്പൽ ദേശീയപാതയായി പ്രഖ്യാപിക്കുകയും പ്രസ്തുത പ്രവൃത്തിയുടെ സാധ്യതാപഠനവും പദ്ധതി രൂപരേഖയും തയ്യാറാക്കുന്നതിന് M/s.KITCO Ltd.-ന് കേന്ദ്ര ഗതാഗത ഹൈവേ മന്ത്രാലയം അനുമതി നൽകുകയും ചെയ്തിരുന്നു. എന്നാൽ കേന്ദ്ര റോഡ് ഗതാഗത |

ഹൈവേ മന്ത്രാലയത്തിന്റെ 19.11.2019-ലെ കത്ത് പ്രകാരം ഇൻപ്രിൻസിപ്പൽ ദേശീയപാതയായി പ്രഖ്യാപിച്ചിട്ടുള്ള റോഡുകളിൽ തുടർനടപടികൾ ഒന്നും തന്നെ ഇപ്പോൾ ഏറ്റെടുക്കേണ്ടതില്ല എന്ന് അറിയിച്ചിരുന്നു. ഇൻപ്രിൻസിപ്പൽ ദേശീയപാതയായി പ്രഖ്യാപിച്ചിട്ടുള്ള വടക്കാഞ്ചേരി - പൊള്ളാച്ചി റോഡ് ദേശീയപാത അതോറിറ്റി മുഖേന വികസിപ്പിക്കുകയാണെങ്കിൽ പ്രസ്തുത റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് അന്തിമ തീരുമാനമാകുന്ന മുറയ്ക്കോ അല്ലെങ്കിൽ ഇക്കാര്യത്തിൽ വ്യക്തത വരുന്ന മുറയ്ക്കോ മാത്രമേ നെന്മാറ ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച വിഷയത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. 2. കൊല്ലങ്കോട് ബൈപ്പാസ് കൊല്ലങ്കോട് ബൈപ്പാസിന് സ്ഥലമേറ്റെടുക്കുന്നതിനായി ഫണ്ട് അനുവദിക്കുന്നതിന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരവെ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 24.03.2017-ലെ കത്ത് പ്രകാരം കൊല്ലങ്കോട് വഴി കടന്നുപോകുന്ന വടക്കാഞ്ചേരി - പൊള്ളാച്ചി റോഡിന്റെ കേരളത്തിൽ വരുന്ന 40 കി.മീ ഭാഗം ഇൻപ്രിൻസിപ്പൽ ദേശീയപാതയായി പ്രഖ്യാപിക്കുകയും പ്രസ്തുത പ്രവൃത്തിയുടെ സാധ്യതാപഠനവും പദ്ധതി രൂപരേഖയും തയ്യാറാക്കുന്നതിന് M/s.KITCO Ltd.-ന് കേന്ദ്ര ഗതാഗത ഹൈവേ മന്ത്രാലയം അനുമതി നൽകുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ കൊല്ലങ്കോട് ബൈപ്പാസ് കേന്ദ്രഫണ്ട് ഉപയോഗിച്ച് വികസിപ്പിക്കുന്നതാവും സംസ്ഥാന സർക്കാരിന് സാമ്പത്തികമായി മെച്ചം എന്നതിനാൽ വടക്കാഞ്ചേരി - പൊള്ളാച്ചി റോഡിന്റെ ഫീസിബിലിറ്റി സ്റ്റഡി പൂർത്തിയാകുന്നതുവരെ കൊല്ലങ്കോട് ബൈപ്പാസിന് ഫണ്ട് അനുവദിച്ച് ഭരണാനുമതിക്കുള്ള നിരത്തു വിഭാഗം ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസലിൽ തുടർ നടപടി സ്വീകരിക്കുന്നത് തൽക്കാലത്തേക്ക് മാറ്റിവയ്ക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 19.11.2019-ലെ കത്ത് പ്രകാരം ഇൻപ്രിൻസിപ്പൽ ദേശീയപാതയായി പ്രഖ്യാപിച്ചിട്ടുള്ള റോഡുകളിൽ തുടർനടപടികൾ ഒന്നും തന്നെ ഇപ്പോൾ ഏറ്റെടുക്കേണ്ടതില്ല എന്ന് അറിയിച്ചിരുന്നു. തുടർന്ന് കൊല്ലങ്കോട് ബൈപ്പാസിന്റെ സ്ഥലമെടുപ്പിനും നിർമാണത്തിനുമുള്ള ഭരണാനുമതിക്കായി പുതുക്കിയ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി പുതിയ

| | | | |
|---|---|---|---|
| | | | ബഡ്ജറ്റ് പ്രൊപ്പോസലിനൊപ്പം സമർപ്പിക്കുവാൻ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇൻപ്രിൻസിപ്പൽ ദേശീയപാതയായി പ്രഖ്യാപിച്ചിട്ടുള്ള വടക്കാഞ്ചേരി - പൊള്ളാച്ചി റോഡ് ദേശീയപാത അതോറിറ്റി മുഖേന വികസിപ്പിക്കുകയാണെങ്കിൽ പ്രസ്തുത റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് അന്തിമ തീരുമാനമാകുന്ന മുറയ്ക്കോ അല്ലെങ്കിൽ ഇക്കാര്യത്തിൽ വ്യക്തത വരുന്ന മുറയ്ക്കോ മാത്രമേ കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച വിഷയത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളു. 3. കൊടുവായൂർ ബൈപ്പാസ് കൊടുവായൂർ ബൈപ്പാസ് നിർമ്മാണത്തിനായി ആർ.ബി.ഡി.സി.കെ വിശദമായ പദ്ധതിരേഖ തയ്യാറാക്കി കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും കിഫ്ബിയുടെ വിദഗ്ധ പരിശോധനകൾക്കു ശേഷം 38.20 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. തുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിനായി ആർ.ബി.ഡി.സി.കെ. ജില്ലാ കളക്ടർക്ക് 15.01.2019-ൽ അർത്ഥനാപത്രം സമർപ്പിച്ചു. ഏറ്റെടുക്കേണ്ടതായിട്ടുള്ള ഭൂമിയുടെ അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും, 29.01.2020-ൽ റവന്യൂ അധികാരികളുമായി സംയുക്ത പരിശോധന നടത്തുകയും ചെയ്തു. ഭൂമിയേറ്റെടുക്കൽ നടപടിയുടെ ഭാഗമായ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുകയും ഇതിന്റെ ഭാഗമായ പൊതുയോഗത്തിൽ ഭൂവുടമകളുടെ പരാതികൾക്ക് മറുപടി നൽകിയിട്ടുള്ളതുമാണ്. നിലവിൽ സാമൂഹ്യ പ്രത്യാഘാത പഠനത്തിന്മേൽ ഉള്ള എക്സ്പേർട്ട് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുത്ത് ആർ.ബി.ഡി.സി.കെ-യ്ക്ക് കൈമാറിയാലുടൻതന്നെ ബൈപ്പാസിന്റെ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (സി) | ഈ പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | 1. നെന്മാറ ബൈപ്പാസ് നെന്മാറ ബൈപ്പാസ് നിർമ്മാണത്തിനായി ആർ.ബി.ഡി.സി.കെ വിശദമായ പദ്ധതിരേഖ തയ്യാറാക്കി 26.02.2018-ൽ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും, നെന്മാറ വഴി കടന്നു പോകുന്ന ഇൻപ്രിൻസിപ്പൽ ദേശീയപാതയായി പ്രഖ്യാപിച്ചിട്ടുള്ള വടക്കാഞ്ചേരി - പൊള്ളാച്ചി റോഡിന്റെ ഡി.പി.ആർ നടപടികൾ എൻ.എച്ച്.എ.ഐ നടത്തിവരുന്നതു കൊണ്ട് നെന്മാറ ബൈപ്പാസ് പദ്ധതി കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന് കിഫ്ബിയിൽ നിന്നും അറിയിച്ചതിനാൽ ആർ.ബി.ഡി.സി.കെ-യ്ക്ക് നെന്മാറ ബൈപ്പാസ് പദ്ധതിയുമായി മുന്നോട്ട് |

പോകാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 24.03.2017-ലെ കത്ത് പ്രകാരം വടക്കാഞ്ചേരി - പൊള്ളാച്ചി റോഡിന്റെ കേരളത്തിൽ വരുന്ന 40 കി.മീ ഭാഗം ഇൻപ്രിൻസിപ്പൽ ദേശീയപാതയായി പ്രഖ്യാപിക്കുകയും പ്രസ്തുത പ്രവൃത്തിയുടെ സാധ്യതാപഠനവും പദ്ധതി രൂപരേഖയും തയ്യാറാക്കുന്നതിന് M/s.KITCO Ltd.-ന് കേന്ദ്ര ഗതാഗത ഹൈവേ മന്ത്രാലയം അനുമതി നൽകുകയും ചെയ്തിരുന്നു. എന്നാൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 19.11.2019-ലെ കത്ത് പ്രകാരം ഇൻപ്രിൻസിപ്പൽ ദേശീയപാതയായി പ്രഖ്യാപിച്ചിട്ടുള്ള റോഡുകളിൽ തുടർനടപടികൾ ഒന്നും തന്നെ ഇപ്പോൾ ഏറ്റെടുക്കേണ്ടതില്ല എന്ന് അറിയിച്ചിരുന്നു. ഇൻപ്രിൻസിപ്പൽ ദേശീയപാതയായി പ്രഖ്യാപിച്ചിട്ടുള്ള വടക്കാഞ്ചേരി - പൊള്ളാച്ചി റോഡ് ദേശീയപാത അതോറിറ്റി മുഖേന വികസിപ്പിക്കുകയാണെങ്കിൽ പ്രസ്തുത റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് അന്തിമ തീരുമാനമാകുന്ന മുറയ്ക്കോ അല്ലെങ്കിൽ ഇക്കാര്യത്തിൽ വ്യക്തത വരുന്ന മുറയ്ക്കോ മാത്രമേ നെന്മാറ ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച വിഷയത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. 2. കൊല്ലങ്കോട് ബൈപ്പാസ് കൊല്ലങ്കോട് ബൈപ്പാസിന് സ്ഥലമേറ്റെടുക്കുന്നതിനായി ഫണ്ട് അനുവദിക്കുന്നതിന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരവെ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 24.03.2017-ലെ കത്ത് പ്രകാരം കൊല്ലങ്കോട് വഴി കടന്നുപോകുന്ന വടക്കാഞ്ചേരി - പൊള്ളാച്ചി റോഡിന്റെ കേരളത്തിൽ വരുന്ന 40 കി.മീ ഭാഗം ഇൻപ്രിൻസിപ്പൽ ദേശീയപാതയായി പ്രഖ്യാപിക്കുകയും പ്രസ്തുത പ്രവൃത്തിയുടെ സാധ്യതാപഠനവും പദ്ധതി രൂപരേഖയും തയ്യാറാക്കുന്നതിന് M/s.KITCO Ltd.-ന് കേന്ദ്ര ഗതാഗത ഹൈവേ മന്ത്രാലയം അനുമതി നൽകുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ കൊല്ലങ്കോട് ബൈപ്പാസ് കേന്ദ്രഫണ്ട് ഉപയോഗിച്ച് വികസിപ്പിക്കുന്നതാവും സംസ്ഥാന സർക്കാരിന് സാമ്പത്തികമായി മെച്ചം എന്നതിനാൽ വടക്കാഞ്ചേരി - പൊള്ളാച്ചി റോഡിന്റെ ഫീസിബിലിറ്റി സ്റ്റഡി പൂർത്തിയാകുന്നതുവരെ കൊല്ലങ്കോട് ബൈപ്പാസിന് ഫണ്ട് അനുവദിച്ച് ഭരണാനുമതിക്കുള്ള നിരത്തു വിഭാഗം ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസലിൽ തുടർ നടപടി

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നത് തൽക്കാലത്തേക്ക് മാറ്റിവയ്ക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 19.11.2019-ലെ കത്ത് പ്രകാരം ഇൻപ്രിൻസിപ്പൽ ദേശീയപാതയായി പ്രഖ്യാപിച്ചിട്ടുള്ള റോഡുകളിൽ തുടർനടപടികൾ ഒന്നും തന്നെ ഇപ്പോൾ ഏറ്റെടുക്കേണ്ടതില്ല എന്ന് അറിയിച്ചിരുന്നു. തുടർന്ന് കൊല്ലങ്കോട് ബൈപ്പാസിന്റെ സ്ഥലമെടുപ്പിനും നിർമാണത്തിനുമുള്ള ഭരണാനുമതിക്കായി പുതുക്കിയ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി പുതിയ ബഡ്ജറ്റ് പ്രൊപ്പോസലിനൊപ്പം സമർപ്പിക്കുവാൻ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇൻപ്രിൻസിപ്പൽ ദേശീയപാതയായി പ്രഖ്യാപിച്ചിട്ടുള്ള വടക്കാഞ്ചേരി - പൊള്ളാച്ചി റോഡ് ദേശീയപാത അതോറിറ്റി മുഖേന വികസിപ്പിക്കുകയാണെങ്കിൽ പ്രസ്തുത റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് അന്തിമ തീരുമാനമാകുന്ന മുറയ്ക്കോ അല്ലെങ്കിൽ ഇക്കാര്യത്തിൽ വ്യക്തത വരുന്ന മുറയ്ക്കോ മാത്രമേ കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച വിഷയത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. 3. കൊടുവായൂർ ബൈപ്പാസ് കൊടുവായൂർ ബൈപ്പാസ് നിർമ്മാണത്തിനായി ആർ.ബി.ഡി.സി.കെ വിശദമായ പദ്ധതിരേഖ തയ്യാറാക്കി കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും കിഫ്ബിയുടെ വിദഗ്ധ പരിശോധനകൾക്കു ശേഷം 38.20 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. തുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിനായി ആർ.ബി.ഡി.സി.കെ. ജില്ലാ കളക്ടർക്ക് 15.01.2019-ൽ അർത്ഥനാപത്രം സമർപ്പിച്ചു. ഏറ്റെടുക്കേണ്ടതായിട്ടുള്ള ഭൂമിയുടെ അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും, 29.01.2020-ൽ റവന്യൂ അധികാരികളുമായി സംയുക്ത പരിശോധന നടത്തുകയും ചെയ്തു. ഭൂമിയേറ്റെടുക്കൽ നടപടിയുടെ ഭാഗമായ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുകയും ഇതിന്റെ ഭാഗമായ പൊതുയോഗത്തിൽ ഭൂവുടമകളുടെ പരാതികൾക്ക് മറുപടി നൽകിയിട്ടുള്ളതുമാണ്. നിലവിൽ സാമൂഹ്യ പ്രത്യാഘാത പഠനത്തിന്മേൽ ഉള്ള എക്സ്പേർട്ട് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുത്ത് ആർ.ബി.ഡി.സി.കെ-യ്ക്ക് കൈമാറിയാലുടൻതന്നെ ബൈപ്പാസിന്റെ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ